

# ബേനസീർ വധാന്വേഷണ റിപ്പോർട്ടും പാകിസ്താനിലെ മാറുന്ന സാഹചര്യങ്ങളും

വിശകലനം ●

എ. റശീദുദ്ദീൻ

**ബേനസീർ** വധത്തെ കുറിച്ച് ഇപ്പോൾ പുറത്തുവന്ന ഐക്യരാഷ്ട്രസഭാ റിപ്പോർട്ട് പാകിസ്താനിലെ കപ്പൽ–തുറമുഖ വകുപ്പ് മന്ത്രിയും പി.പി.പിയുടെ തലമൂത്ത സെനറ്ററുമായ ബാബർ ഗൗരിയുടെ അഭിപ്രായത്തിൽ അന്നാട്ടിലെ തന്നെ ഏത് 'എ.എസ്.ഐക്കും' (മലയാളത്തിൽ 'ഏതു പോലിസുകാരനും' എന്നു വായിക്കുക) ഉണ്ടാക്കാൻ പറ്റുന്നതേ ഉണ്ടായിരുന്നുള്ളൂ, പി.പി.പി ഈ റിപ്പോർട്ടിനെ സ്വാഗതം ചെയ്തെങ്കിലും. മുശർറഫ് സർക്കാറിന്റെ സെക്യൂരിറ്റി പാളിച്ചകളാണ് ബേനസീർ വധത്തിനു പിന്നിൽ യു.എൻ 'വിദഗ്ധർ' കണ്ടെത്തിയ ഏറ്റവും വലിയ കാരണം. ഇന്ന് പി.പി.പി ഭരണകൂടത്തെ നയിക്കുന്ന പ്രമുഖർ അടക്കമുള്ളവരുടെ അസ്വാഭാവികമായ പ്രവൃത്തികളെ ചൂണ്ടിക്കാട്ടി സുരക്ഷാ പാളിച്ചകളെ വിശകലനം ചെയ്യുന്ന റിപ്പോർട്ട് ബേനസീർ കൊല്ലപ്പെട്ടതിനെ കുറിച്ച് പുതിയ ഒരു കണ്ടെത്തലും നടത്തുന്നില്ല. പാകിസ്താനിലെ മുൻകാല ഭരണാധികാരികളുടെ അകാല മരണങ്ങളെ കുറിച്ച അന്വേഷണ റിപ്പോർട്ടുകളുടെ പൊതു ദയനീയതയാണിത്. രാജ്യത്തെ പോലീസ് സംവിധാനങ്ങൾ പരിഷ്കരിക്കണമെന്ന വിലപിടിച്ച 'ഉപദേശ'വും ചിലിയുടെ യു.എൻ അംബാസിഡറായ ഹെറാൾഹോ മ്യൂനസ് അധ്യക്ഷനായ മൂന്നംഗ അന്വേഷണ സമിതി നൽകിയിട്ടുണ്ട്. 'പട്ടാള ഭരണകൂട'ത്തെയും പഞ്ചാബിലെ ചില 'പ്രമുഖ'രെയും താലിബാനെയും മറ്റും എവിടെയും തൊടാത്ത രീതിയിൽ കുറ്റം പറയുന്ന ഒരു അഴകൊഴമ്പൻ ക്രൈം തില്ലറിനെയാണ് ഐക്യരാ

ഷ്ട്രസഭയുടെ കണ്ടെത്തലുകൾ അനുസ്മരിപ്പിച്ചത്. ഇന്ത്യയിൽ എന്തു നടന്നാലും പൊതുജനം സി.ബി.ഐ അന്വേഷണം ആവശ്യപ്പെടുന്നതു പോലെയായിരുന്നു പാകിസ്താനിൽ ഐക്യരാഷ്ട്ര സഭയുടെ അന്വേഷണത്തിനുള്ള ഡിമാന്റ്.

ജനാധിപത്യം പുനഃസ്ഥാപിക്കാൻ അമേരിക്ക, തന്നെ സഹായിക്കുമെന്ന് വിശ്വസിച്ച ബേനസീർ ഭുട്ടോയുടെ മണ്ടത്തവും പാകിസ്താനിലെ ഭൂഗർഭ എണ്ണസ്രോതസ്സുകൾ കൈയടക്കാൻ ബലൂച്ചിസ്താനെ ലക്ഷ്യമിട്ട് നടക്കുന്ന അന്താരാഷ്ട്ര നീക്കങ്ങളും (തെൽ അവീവിലാണ് ബലൂചി വിമതരുടെ ആസ്ഥാനം) ആണവായുധശേഷിയുള്ള ലോകത്തിലെ ഏക മുസ്‌ലിംരാജ്യം എന്ന പദവി ഭയപ്പെടുത്തുന്ന അന്താരാഷ്ട്ര സമൂഹവും എല്ലാം കൂടിച്ചേർന്നു നടത്തിയ ഈ നാടകത്തിലെ സൂത്രധാരനെ കുറിച്ച് ഇപ്പോഴും സാഹചര്യത്തെളിവുകളേയുള്ളു. ഐക്യരാഷ്ട്ര സഭ പോലും തൊടാൻ ഭയക്കുന്ന ഈ കേസ്കെട്ട് ഇപ്പോഴത്തെ നിലയിൽ അടുത്ത അഞ്ചോ പത്തോ വർഷങ്ങൾ കൂടി അതേമട്ടിൽ തുടരുകയും ചെയ്യും.

പാകിസ്താൻ എന്ന രാജ്യം എന്താവണമെന്ന് നിശ്ചയിക്കുന്നതിൽ ഏറ്റവും നിർണായകമായ പങ്കാണ് അമേരിക്കയുടേത്. പരസ്യവും രഹസ്യവുമായ രണ്ടുതരം താൽപര്യങ്ങളാണ് അവർക്ക് ഇക്കാര്യത്തിലുള്ളത്. ഒരു ഭാഗത്ത് പർവേസ് മുശർറഫിനെ പൊക്കിപ്പിടിക്കുമ്പോൾ തന്നെ അദ്ദേഹത്തിനെതിരെ പാകിസ്താനിൽ നടന്ന അഭിഭാഷക സമരത്തെ സി.ഐ.എ പിന്തുണച്ചിരുന്നുവെന്ന ഐ.എസ്.ഐ മുൻ മേധാവി ഹമീദ് ഗുല്ലിന്റെ ഒടുവിലത്തെ വെളിപ്പെടുത്തലുകൾ ശ്രദ്ധിക്കുക ( http://rupeenews.com/2008/01/06/theciaconnection). പാകിസ്താനിലെ പ്രമുഖ പത്രമായ *ജംഗിൽ* എഴുതിയ കോളത്തിൽ ഹമീദ് മിർ ചൂണ്ടിക്കാട്ടിയതും സമാനമായ വാദഗതിയാണ്. ഇഫ്തിഖാർ ചൗധരിയെ ചീഫ് ജസ്റ്റിസ് സ്ഥാനത്ത് പുനഃരവരോധിക്കുന്നത് വാഷിംഗ്ടൺ പുറമെക്കു മാത്രമാണ് അനുകൂലിക്കുന്നതെന്ന് ബേനസീർ മിറിനോടു പറഞ്ഞതായാണ് ഈ ലേഖനത്തിലുള്ളത്. പാകിസ്താനിലെ ഇസ്‌ലാമിന് വില്ലൻ പരിവേഷം നൽകാനാവുന്ന അജണ്ട സിയാഉൽ ഹഖിലൂടെ നടപ്പാക്കാനാവുമോ എന്നായിരുന്നു ഒരു കാലത്ത് അമേരിക്ക അന്വേഷിച്ചുകൊണ്ടിരുന്നത്. സിയാഉൽ ഹഖിനു ശേഷം അധികാരമേറ്റ ബേനസീർ ഭുട്ടോയാണ് പാക് അതിർത്തിയിൽ താലിബാനെ സൃഷ്ടിച്ചു നൽകി ഈ അജണ്ട സാധ്യമാക്കിയത്. സി.ഐ.എ പദ്ധതികൾ ഏറ്റവുമധികം മുന്നോട്ടുകൊണ്ടുപോവാൻ സഹായിച്ചത് പർവേസ് മുശർറഫ് ആണെങ്കിലും ഈ അജണ്ടയുടെ സ്വാഭാവിക തുടർച്ച ആവേണ്ടിയിരുന്ന ചില യുദ്ധങ്ങൾക്ക് പാകിസ്താനിലെ വിമാനത്താവളങ്ങളും സൈന്യവും വിട്ടുകൊടുക്കാൻ മുശർറഫ് വിസമ്മതിച്ചു. ഇറാനുമായി പാചകവാതക ലൈൻ കരാറിന് മുൻകൈയെടുക്കുക കൂടി ചെയ്തതോടെ മുശർറഫ് അമേരിക്കക്ക് തീർത്തും അനഭിമതനായി. ഇറാനെതിരെ അക്കാലത്ത് ജോർജ് ബുഷ് കോപ്പുകൂട്ടിയ യുദ്ധത്തിന് മുശർറഫ് തടസ്സക്കാരനായിരിക്കുമെന്ന വിലയിരുത്തലാണ് പാകിസ്താനിൽ 'ജനാധിപത്യം' പുനസ്ഥാപിക്കാൻ വാഷിംഗ്ടൺ ധൃതിവെക്കാനുണ്ടായ കാരണം തന്നെ.

## പാക് ഭരണാധികാരികളും സി.ഐ.എയും

സി.ഐ.എയുടെ എതിർപ്പ് അവഗണിച്ച് പാകിസ്താന്റെ ആണവായുധ പദ്ധതിക്ക് സിയാഉൽ ഹഖ് തുടക്കമിട്ടതു മുതൽക്കാണ് അദ്ദേഹത്തെ എന്തുവില കൊടുത്തും വധിക്കാൻ സി.ഐ.എ തയാറെടുക്കുന്നത്. റിച്ചാർഡ് നിക്സന്റെ 'ഇൻ ദ അറീന' (ഗോദയിൽ) എന്ന ആത്മകഥയുടെ 1090 മത്തെ പേജിൽ പറയുന്ന അർഥഗർഭമായ ഒരു വാചകമുണ്ട്. 'സിയാഉൽ ഹഖിന്റെ വിമാനം താഴോട്ടു പതിച്ചുവെന്ന വാർത്ത കേൾക്കവെ ഞാൻ ഓർത്തു പോയി, എങ്ങനെയാണ് അമേരിക്ക ആളുകളെ ഉപയോഗപ്പെടുത്തുന്നതെന്നും ആവശ്യം കഴിഞ്ഞാൽ ഇല്ലാതാക്കുന്നതെന്നും'. അമേരിക്കയാണ് സിയാഉൽ ഹഖിനെ കൊന്നത് എന്നതിന്റെ വാചാലമായ സൂചനയായിരുന്നു ഇത്. വർത്തമാനകാല ചരിത്രത്തിലെ തന്നെ ഏറ്റവും വിവരദോഷിയായിരുന്ന ഭരണാധികാരിയെന്ന് നിസ്സംശയം പറയാവുന്ന ബേനസീർ തന്റെ മരണത്തിന്റെ തീയതി കുറിച്ചു തരണമെന്ന് ആവശ്യപ്പെട്ട് ഒരുവേള അമേരിക്കയെ അങ്ങോട്ടു സമീപിക്കുകയായിരുന്നു. സി.ഐ.എയെ അതിസമർഥമായി താൻ 'ഉപയോഗ'പ്പെടുത്തുന്നുണ്ടെന്നായിരുന്നു അവരുടെ അഹങ്കാരം. പാകിസ്താനിൽ ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിൽ അമേരിക്കക്ക് എത്രത്തോളം താൽപര്യമുണ്ടെന്ന് അവർ ഒരിക്കലും തിരിച്ചറിഞ്ഞിരുന്നില്ല.

മുശർറഫ് തങ്ങളെ മറികടക്കുകയാണെന്ന് അമേരിക്കക്ക് അഫ്ഗാൻ യുദ്ധത്തിന്റെ ഒടുവിലത്തെ ഘട്ടത്തിലാണ് ബോധ്യപ്പെടുന്നത്. അഫ്ഗാൻതാലിബാനെ മുശർറഫ് ഏതോ പ്രകാരത്തി

ൽ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. അമേരിക്ക അതൃപ്തരാവാൻ തുടങ്ങിയ ഈ കാലത്ത് സി.ഐ.എ ഒരേസമയം ബേനസീറുമായും നവാസ് ശരീഫുമായും സംസാരിക്കുന്നുണ്ടായിരുന്നു. പാകിസ്താന്റെ കൈയിലുണ്ടെന്ന് എണ്ണം കണക്കാക്കപ്പെടുന്ന 50 മുതൽ 105 വരെ ആണവായുധങ്ങൾ അഫ്ഗാനിലേക്കു കടത്തുമോ എന്നാണ് ജോർജ് ബുഷ് ഏറ്റവുമധികം ഭയപ്പെട്ടത്. 2007 നവംബർ 11ന്, അമേരിക്കയും ബേനസീറും തമ്മിൽ മടങ്ങിയെത്തൽ ചർച്ചകളുടെ അന്തിമഘട്ടത്തിൽ *ന്യൂയോർക്ക് ടൈംസ്* ഇതേ കുറിച്ച വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. പാകിസ്താനിൽ ജനാധിപത്യം തിരിച്ചെത്തിയാൽ സൈന്യത്തിനു മേൽ കൂടുതൽ നിയന്ത്രണമുണ്ടാവുമെന്ന ബുഷ് ഭരണകൂടത്തിന്റെ വിലയിരുത്തൽ ഈ റിപ്പോർട്ടിലുണ്ട്. യഥാർഥത്തിൽ ഇത് ഇന്ത്യയുടെ കൂടി സഹായത്തോടെ ബേനസീർ വാഷിംഗ്ടണിൽ നടത്തിയ ഒരു ലോബിയിംഗിന്റ ഭാഗമായിരുന്നുവെന്നാണ് പറയപ്പെടുന്നത്.


■ ഹമീദ് ഗുൽ

അതേസമയം മുശർറഫിനെ താറടിക്കാൻ ഹുസൈൻ ഹഖാനി എന്ന പാക് വിമതനും സർദാരിയും ചേർന്ന് സമാന്തരമായി വേറെയും ശ്രമം നടത്തുന്നുണ്ടായിരുന്നു. ചർച്ചയിൽ ശരീഫിനേക്കാളും സർദാരിയേക്കാളും ഫലപ്രദമായ ഉറപ്പ് നൽകാൻ തനിക്ക് കഴിഞ്ഞുവെന്നാണ് ബേനസീർ വിശ്വസിച്ചത്. വാഷിംഗ്ടണിലെ പൊളിറ്റിക്കൽ ജേർണലിസ്റ്റുകൾക്ക് സർദാരി–ബേനസീർ ദമ്പതിമാർക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങൾ അക്കാലത്ത് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ബേനസീറിനെ മോഹിപ്പിച്ച് അമേരിക്ക തിരിച്ചയച്ചെങ്കിലും സാഹചര്യ തെളിവുകൾ വിരൽ ചൂണ്ടുന്നത് യഥാർഥ കരാർ ഉറപ്പിച്ചത് സർദാരിയും സി.ഐ.എയും തമ്മിലാണെന്നാണ്. പാകിസ്താനിൽ മടങ്ങിയെത്തിയ ബേനസീർ ആണവായുധ പദ്ധതി നിർവീര്യമാക്കുന്നതിലും അബ്ദുൽ ഖദീർ ഖാനെ വിട്ടുകൊടുക്കുന്നതിലും അമേരിക്കയുമായി ഉണ്ടാക്കിയ ധാരണകൾക്കെതിരെ ചില റാലികളിലെങ്കിലും പ്രസംഗിച്ചത് ഈ യാഥാർഥ്യം അവർ തിരിച്ചറിഞ്ഞതുകൊണ്ടാണെന്ന് ചൂണ്ടിക്കാട്ടുന്നവരുണ്ട്. ഭീകരവിരുദ്ധ യുദ്ധത്തിന്റെ അടിസ്ഥാനങ്ങളെയാണ് താൻ ചോദ്യം ചെയ്യുന്നതെന്ന് ആവേശത്തിമർപ്പിൽ ബേനസീർ ഓർക്കുകയുണ്ടായില്ല. അവർക്കെതിരെയുള്ള വധശ്രമത്തിന്റെ തുടക്കം ഇവിടെ നിന്നായിരിക്കാമെന്നാണ് പറയപ്പെടുന്നത്. ഈ നിരീക്ഷണം ശരിയാണെങ്കിൽ സർദാരിക്ക് ഇപ്പോഴത്തെ വില്ലൻ വേഷം ഭംഗിയായി ചേരുന്നതുമാണ്.

### യു.എൻ പറയാൻ മടിക്കുന്ന സത്യം

ബേനസീർവധം ഒരു കൂട്ടുകൃഷിയാണെന്നാണ് അന്നത്തെ സംഭവങ്ങളെ ഇപ്പോഴത്തെ റിപ്പോർട്ടുമായി ചേർത്തുവായിച്ചാൽ മനസ്സിലാക്കാനാവുക. അകത്തുള്ളവർക്കും പുറത്തുള്ളവർക്കും ഒരുപോലെ പങ്കുണ്ടാവാൻ ഇടയുള്ള ഒരു അന്താരാഷ്ട്ര കൊലപാതകം. അതിൽ ഏറ്റവും അപ്രസക്തമായ ഒന്നിന്റെ പേരു മാത്രമാണ് പർവേസ് മുശർറഫ്. സുരക്ഷാ പാളിച്ചയെ കുറിച്ച വിമർശനം കേവലം മുശർറഫ് സർക്കാറിൽ ഒതുങ്ങുന്നതായിരുന്നില്ല. റാവൽപിണ്ടിയിലെ ലിയാഖത്ത് ബാഗിൽ ഭുട്ടോ കൊല്ലപ്പെടുമ്പോൾ ഇസ്‌ലാമാബാദിലെ അമേരിക്കൻ സ്ഥാനപതി കാര്യാലയം നേരിട്ടാണ് അവരുടെ സുരക്ഷാ സംവിധാനങ്ങൾ വിലയിരുത്തികൊണ്ടിരുന്നത്. ഇസ്രയേലിനോടും ബ്രിട്ടനോടും അമേരിക്കയോടും സുരക്ഷയുടെ കാര്യത്തിൽ ബേനസീർ നേരത്തെ സഹായം തേടിയിരുന്നുവെന്നും ഇതിൽ അമേരിക്ക മാത്രമാണ് സഹായിക്കാമെന്നേറ്റതെന്നും ഓർക്കുക. ഓരോ അരമണിക്കൂറിലും ബേനസീറിന്റെ അപ്പപ്പോഴത്തെ വിവരങ്ങൾ അമേരിക്കൻ കാര്യാലയം അന്വേഷിക്കുന്നതിനിടയിലാണ് അവർ കൊല്ലപ്പെടുന്നതെന്നും മറക്കരുത്. ലിയാഖത്ത് ബാഗിൽ നിന്നും ബേനസീറിന്റെ വാഹനം പുറത്തേക്ക് കടക്കാൻ നേരത്തെ നിശ്ചയിച്ചിരുന്ന വഴി അവസാന നിമിഷം 'ആരോ' ഇടപെട്ട് തിരുത്തിയെന്നാണ് കേസ് ഡയറിയിലുള്ളത്. ഇതു മാത്രമല്ല സ്ഫോടനം നടന്നയുടൻ സംഭവസ്ഥലം വെള്ളമൊഴിച്ച് കഴുകി വൃത്തിയാക്കാനും 'മുകളിൽ' നിന്ന് നിർദേശമുണ്ടായിരുന്നു. സുരക്ഷാ പാളിച്ചയാണ് ബേനസീർ വധത്തിന്റെ കാരണമെങ്കിൽ അന്താരാഷ്ട്രതലത്തിൽ

തന്നെ അത് സംഭവിക്കുന്നുണ്ടായിരുന്നു. 'ഏതു പോലിസുകാരനും' മനസ്സിലാവേണ്ടിയിരുന്ന ഇക്കാര്യം ഐക്യരാഷ്ട്ര സഭയുടെ ബുദ്ധിരാക്ഷസൻമാർക്ക് തിരിയാതെ പോയതിന്റെ ഗുട്ടൻസ് തന്നെയാണ് കേസിന്റെ മർമവും. ബേനസീറിന് പാകിസ്താനിലേക്ക് മടങ്ങിവരാൻ സൗകര്യം ചെയ്യുകയോ നിർബന്ധിക്കുകയോ ചെയ്ത അമേരിക്ക അവരുടെ വധത്തെ കുറിച്ച യു.എൻ അന്വേഷണവുമായി സഹകരിച്ചിട്ടില്ലെന്ന് പ്രത്യേകം എടുത്തു പറയണം.

ബേനസീറിന്റെ സ്വകാര്യ സുരക്ഷാ തലവനായിരുന്ന റഹ്മാൻ മലിക് മുശർറഫിന്റെ ക്യാമ്പിൽനിന്ന് കഷ്ടിച്ച് രണ്ടുമാസം മുമ്പെയാണ് 'തെറ്റിപ്പിരിഞ്ഞ്' ബേനസീറിന്റെ ഒപ്പമെത്തിയത്. സർക്കാർ പ്രതിനിധിയായിരുന്ന മേജർ ഇംതിയാസിനും സംശയകരമായ പശ്ചാത്തലമാണുള്ളത്. ബേനസീറിനോട് ജനക്കൂട്ടത്തെ അഭിവാദ്യം ചെയ്യാനായി ലാൻസ് ക്രൂയിസറിന്റെ മേൽമൂടി തുറന്ന് തല പുറത്തേക്കിടാൻ ആരാണ് ആവശ്യപ്പെട്ടതെന്ന ദുരൂഹത ഇന്നും ഷിറി റഹ്മാൻ തന്റെ മന്ത്രി പദവിയോടൊപ്പം പങ്കിടുകയാണ്. ഈ രഹസ്യം അറിയാമായിരുന്ന രണ്ടാമത്തെയാൾ നാഹിദ് ഭുട്ടോയാണ്. ബേനസീറിന്റെ അർധ സഹോദരിയും സെക്രട്ടറിയുമായിരുന്ന ഇവർ ഖബറടക്ക ചടങ്ങുകൾക്കിടെ ആസ്ത്രേലിയയിൽ ആരുമായോ 'സ്ഫോടനാത്മക'മായ ചില വിവരങ്ങൾ കൈമാറുന്നത് ഒരു 'ഉന്നതൻ' ശ്രദ്ധിച്ചിരുന്നതായാണ് റിപ്പോർട്ടുകൾ. കറാച്ചിയിൽ നിന്നും ഹൈദരാബാദിലേക്കുള്ള യാത്രക്കിടയിൽ നാഹിദ് 'റോഡപകട'ത്തിൽ കൊല്ലപ്പെടുകയായിരുന്നു. സംഭവത്തിൽ ബേനസീറുമായി അടുപ്പമുള്ള ഉന്നതനെയാണ് സംശയിക്കുന്നതെങ്കിലും പാകിസ്താനിൽ അദ്ദേഹത്തിനെതിരെ മൊഴി നൽകാൻ ഇന്ന് ആരെയും കിട്ടാൻ പോകുന്നില്ല. തന്റെ ഫോൺ സന്ദേശം 'ഉന്നതൻ' ശ്രദ്ധിക്കുന്നുണ്ടെന്ന് വ്യക്തമായപ്പോൾ ഹൈദരബാദിലെത്തിയ ശേഷം കാര്യങ്ങൾ അറിയിക്കാമെന്ന് പറഞ്ഞ് ഫോൺ കട്ട് ചെയ്യുകയാണ് നാഹിദ് ചെയ്തതെന്നാണ് ചില ദൃക്സാക്ഷികൾ പറയുന്നത്. ഏതായാലും ബേനസീർ വധത്തെ കുറിച്ച് അവരുമായി അടുപ്പമുള്ള ആരും ഒരു വാക്കുപോലും ഉരിയാടാൻ ഭയന്നത് നാഹിദിന്റെ അപകട മരണത്തെ തുടർന്നാണെന്ന് വ്യക്തം.

### റഹ്മാൻ മലിക് എന്ന വില്ലൻ

നിലവിൽ പാകിസ്താന്റെ കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ ചുമതല വഹിക്കുന്ന റഹ്മാൻ മലിക്കിന്റെ പെരുമാറ്റം മറ്റാരെക്കാളും സംശയാസ്പദമായിരുന്നു. 2007 ഡിസംബർ 26-ന് അർധരാത്രി ബേനസീറിന്റെ വസതിയിൽ അന്നത്തെ ഐ.എസ്.ഐ ഡയറക്ടർ ലഫ്റ്റനന്റ് ജനറൽ നദീം താജ് സന്ദർശിച്ചിരുന്നുവത്രെ. ഇക്കാര്യം യു.എൻ റിപ്പോർട്ട് സ്ഥിരീകരിക്കുന്നുണ്ട്. നാളത്തെ പരിപാടിക്കിടയിൽ ഭീകരാക്രമണമുണ്ടാവുമെന്ന കൃത്യമായ വിവരം അദ്ദേഹം കൈമാറുകയും ഒരു കാരണവശാലും പരിപാടിയിൽ പങ്കെടുക്കരുതെന്ന് ബേനസീറിനോട് ആവശ്യപ്പെടുകയും ചെയ്തുവെന്നാണ് ചില റിപ്പോർട്ടുകൾ. ബേനസീറിന്റെ മുഖ്യസുരക്ഷാ ഉപദേഷ്ടാവായിരുന്ന റഹ്മാൻ മലിക്കായിരുന്നു സന്ദർശന വേളയിൽ ബേനസീറിനൊപ്പമുണ്ടായിരുന്നത്. ബേനസീർ ജനങ്ങളുടെ നേതാവാണെന്നും അവരെ കെട്ടിയിടാൻ ആർക്കും കഴിയില്ലെന്നും പരിപാടിയിൽ പങ്കെടുക്കുക തന്നെ ചെയ്യണമെന്നും മലിക്ക് വാശിപിടിച്ചു. പർവേസ് മുശർറഫ് അറിയാതെ നദീം ഈ സന്ദർശനം നടത്തുമായിരുന്നില്ല. ഭീകരാക്രമണവുമായി ബന്ധപ്പെട്ട ഒരു കാര്യവും നദീം ചർച്ച ചെയ്തിട്ടില്ലെന്ന് റഹ്മാൻ മലിക് പിന്നീട് നിഷേധിക്കുകയും ചെയ്തു. ബേനസീറിന്റെ വാഹനവ്യൂഹത്തിൽ മറ്റു വാഹനങ്ങൾ ഇടിച്ചു കയറാതിരിക്കാൻ സാധാരണഗതിയിൽ ഒപ്പത്തിനൊപ്പം സഞ്ചരിക്കേണ്ടിയിരുന്ന റഹ്മാൻ മലിക്കും ഫർഹത്തുല്ലാ ബാബറും ബാബർ ആവാനും അന്നേ ദിവസം ബേനസീറിനെ ഉപേക്ഷിച്ച് ധൃതിയിൽ രക്ഷപ്പെട്ട കഥയാണ് പിന്നീട് കേട്ടത്. ബേനസീറിന്റെ ലാൻഡ് ക്രൂയിസറിന്റ മുമ്പിലും പിന്നിലും അന്ന് അകമ്പടി വാഹനങ്ങളുണ്ടായിരുന്നില്ല. റോഡിൽ അവർക്ക് വഴിയൊരുക്കാൻ പോലീസുകാരും ഉണ്ടായിരുന്നില്ല. യാത്രക്കിടയിൽ ബേനസീർ കൊല്ലപ്പെട്ട വിവരം ഫോണിലൂടെ അറിഞ്ഞിട്ടും അതറിയാത്തതു പോലെ സർദാരിയുടെ വസതിയിലേക്ക് മലിക് വണ്ടിയോടിച്ചു പോയെന്നാണ് പറയപ്പെടുന്നത്. ബേനസീറിന്റെ വാഹനം തൊട്ടുപുറകിലുണ്ടെന്നാണ് മറ്റു രണ്ടുപേരെയും മലിക് വിശ്വസിപ്പിച്ചത്. റാവൽപിണ്ടി പ്രസ്ക്ലബ്ബിനു നേർക്ക് പി.പി.പിയിലെ മൂന്ന് വി.വി.ഐ.പി വനിതാ നേതാക്കൾ ഊരിപ്പിടിച്ച ചെരിപ്പുകളായി ഓടിരക്ഷപ്പെടുന്നതും ചിലരുടെ ശ്രദ്ധയിൽ പെട്ടിരുന്നു. ലിയാഖത്ത് ബാഗിൽ അപ്പോൾ സ്ഫോടനം നടക്കാൻ പോകുന്നതേ ഉണ്ടായിരുന്നുള്ളൂ!

വേദിയിൽ ബേനസീർ കത്തിക്കയറുമ്പോൾ തീർത്തും ലക്ഷണംകെട്ട രീതിയിൽ പെരുമാറുന്നതായി കാമറക്കണ്ണുകൾ ഒപ്പിയെടുത്ത സുരക്ഷാഭടൻ ഖാലിദ് ശഹിൻഷാ ഈ കേസിലെ നിർ

ണായകമായ കണ്ണികളിൽ ഒരാളായിരുന്നു. 2008 ജൂലൈ 23–ന് ദുരൂഹമായ രീതിയിൽ ഇദ്ദേഹം കൊല്ലപ്പെട്ടു. ദാവൂദ് ഇബ്റാഹീമിന്റെ സംഘത്തിൽ ശഹിൻ ഷാ ദീർഘകാലം അംഗമായിരുന്നുവെന്നും റിപ്പോർട്ടുകളുണ്ട് (Asia times July 16, 2003 and October 22, 2003). 300–ലധികം പേരെ ഇയാൾ അധോലോകത്തിന് വേണ്ടി വകവരുത്തിയതായാണ് ആരോപണം. ബേനസീർ പ്രസംഗിക്കുന്നതിനിടെ സ്റ്റേജിൽ ഉണ്ടായിരുന്ന സുരക്ഷാമതിലിലെ അംഗമായിരുന്ന ഇയാൾ ഇടക്കിടെ കുനിയുകയും അതോടൊപ്പം ബേനസീറിനെ ചൂണ്ടിക്കാട്ടി കഴുത്ത് അറുക്കുന്നതു പോലെ തോന്നിക്കുന്ന ആംഗ്യം കാണിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. പ്രസംഗം കഴിഞ്ഞയുടൻ ബേനസീറിനെ കാത്തുനിൽക്കാതെ അവരുടെ ബുള്ളറ്റ് പ്രൂഫ് കാറിലേക്ക് ശഹിൻ ഷായാണ് ആദ്യം ഓടിക്കയറിയതെന്നും ദൃക്സാക്ഷികളെ ഉദ്ധരിച്ച് റിപ്പോർട്ടുണ്ടായിരുന്നു. ഒരു സുരക്ഷാ ഭടൻ ഒരിക്കലും ചെയ്യരുതാത്ത പ്രവൃത്തി. ചെറിയ ഇടവേളക്കു ശേഷമാണ് ഇയാൾ പിന്നീട് പൊതുവേദിയിൽ പ്രത്യക്ഷപ്പെട്ടത്. സ്റ്റേജിലെ അസ്വാഭാവിക പെരുമാറ്റത്തെ പി.പി.പി നേതാക്കൾ ഗൗരവം കുറച്ചു കാണുകയും കറാച്ചിയിലെ ബിലാവൽ ഹൗസിന്റെ സംരക്ഷണ ചുമതല സർദാരി ഇദ്ദേഹത്തെ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തു. ബേനസീറിന്റെ കൊലപാതകത്തിൽ എന്തോ ഒളിച്ചുവെക്കുന്നുണ്ടെന്ന് സംശയിക്കപ്പെട്ട ശഹിൻഷാ യു.എൻ അന്വേഷണം പ്രഖ്യാപിച്ചതിന് തൊട്ടുടനെയാണ് കൊല്ലപ്പെടുന്നത്.

സംഭവത്തിൽ സംശയകരമായ റോളുകളിൽ പ്രത്യക്ഷപ്പെട്ട എല്ലാവരെയും സർദാരി സംരക്ഷിക്കുന്നതായാണ് കാണുന്നത്. ബാബർ ആവാൻ നിലവിൽ പാർട്ടിയുടെ ധനകാര്യ സെക്രട്ടറിയും ഫർഹത്തുല്ലാ ബാബർ സർദാരിയുടെ വക്താവുമാണ്. മറുഭാഗത്ത് ഖാലിദ് ശഹിൻഷായെ കുറിച്ച ദുരൂഹതകൾ മാധ്യമങ്ങളോടു പറഞ്ഞ പഴയ കേന്ദ്രമന്ത്രി അഫ്താബ് ശഹബാസ് മിരാനി 'മുതിർന്ന നേതാവ്' മാത്രമാണ്. ആസിഫ് സർദാരിയെ ബേനസീർ വിവാഹമോചനം ചെയ്തേക്കുമെന്ന വാർത്തകൾ പുറത്തുവന്ന് ഒരു മാസം തികയുന്നതിനിടെയാണ് ബേനസീർ കൊല്ലപ്പെട്ടത്. പഴയ സിന്ധ് മുഖ്യമന്ത്രി ഡോ. അർബാബ് ഗുലാം റഹീം ആണ് ഇക്കാര്യം മാധ്യമങ്ങളോടു പറഞ്ഞതെങ്കിലും ബേനസീർ ഇത് നിഷേധിച്ചിരുന്നില്ല. അർബാബ് റഹീമിന് പിൽക്കാലത്ത് സുരക്ഷാ കാരണങ്ങളാൽ താമസം ദുബൈയിലേക്കു മാറ്റേണ്ടിവന്നു. ബേനസീർ തന്റെ പിൻഗാമിയായി ഉയർത്തിക്കൊണ്ടുവന്ന മഖ്ദൂം അമീൻ ഫഹീം വൈസ് ചെയർമാനാണെങ്കിലും പഴയ പ്രതാപമില്ല. ഇദ്ദേഹത്തെ പ്രധാനമന്ത്രിയാക്കുമെന്ന സൂചന സർദാരി തുടക്കത്തിൽ നൽകിയെങ്കിലും ഒടുവിൽ വാണിജ്യകാര്യ മന്ത്രിയായാണ് അവരോധിച്ചത്. പാർട്ടിയിലെ നല്ല പ്രതിഛായയുള്ള നേതാക്കളിൽ ഇഅ്തിസാസ് അഹ്സന് സ്ഥാനങ്ങളില്ല.

## പി.പി.പി ഇനി എത്ര കാലം?

ബേനസീർ ഭുട്ടോയുടെ കൊലപാതകത്തെ കുറിച്ച് കുറെക്കൂടി വിശ്വാസ്യമായ അന്വേഷണം നടത്തുമെന്നാണ് ആസിഫലി സർദാരിയുടെ പുതിയ പ്രഖ്യാപനം. ഇപ്പോൾ കഴിഞ്ഞ അന്വേഷണങ്ങളൊന്നും പൊതുജനത്തെ തൃപ്തരാക്കിയിട്ടില്ല എന്നുകൂടിയാണ് ഈ പ്രഖ്യാപനത്തിന്റെ വ്യാഖ്യാനം. ബേനസീറിനെ കൊന്നത് സർദാരിയുടെ അറിവോടെ പാർട്ടിയിലെ ചില തെമ്മാടികളാണെന്നും അവർക്ക് അനുഗ്രഹാശിസ്സുമായി ചില അന്താരാഷ്ട്ര ശക്തികൾ പിന്നിലുണ്ടായിരുന്നെന്നും പർവേസ് മുശർറഫ് വെറും കാഴ്ചക്കാരനായിരുന്നെന്നും ഇന്ന് ഏതു പാകിസ്താനിയും സംശയിക്കുന്നു. നവാസ് ശരീഫിന്റെയും ഇതര പ്രതിപക്ഷ കക്ഷികളുടെയും പ്രവർത്തകർ പോലും ഈ കൊലപാതകത്തെ ഇത്തരമൊരു സാധ്യതയിലേക്കാണ് ചേർത്തുവെച്ചത്.

ലാഹോർ പ്രസ് ക്ലബ്ബിൽ അന്ന് നടന്ന അനുശോചന സഭയിൽ പ്രസംഗിക്കവെ രാജ്യത്ത് പിടിമുറുക്കുന്ന അന്താരാഷ്ട്ര ഭീകരതയെ കുറിച്ച് പാകിസ്താനിലെ മാധ്യമ പ്രവർത്തകർ ആശങ്കാകുലരായി. *ആവാസ്* പത്രത്തിന്റെ എഡിറ്റർ ഡോ. ഖാലിദ് ചൗധരി, പാക് സുപ്രീംകോടതി അഭിഭാഷകൻ ആബിദ് ഹുസൈൻ മൻഡു തുടങ്ങിയവർ ബേനസീർ വധത്തിനു പിന്നിലുണ്ടായിരിക്കാൻ ഇടയുള്ള വിദേശതാൽപര്യങ്ങളെ കുറിച്ച് എമ്പാടും സൂചനകൾ നൽകി.

പാകിസ്താനകത്തെ മുഴുവൻ ഭൂതങ്ങളെയും മേഖലയിൽ കുടം തുറന്നു വിടുകയാണ് ഇന്ന് അമേരിക്ക. സ്വാഭാവികമായും ആ രാജ്യം നശിക്കും. സംഘ്പരിവാറിന്റെ പ്രത്യയശാസ്ത്രപരമായ കാഴ്ചപ്പാടിന് ഇത് ആനന്ദം നൽകുമെങ്കിലും ഇന്ത്യയുടെ വളർച്ച എന്നെന്നേക്കുമായി അമേരിക്കൻ–ഇസ്രയേലി ആയുധമാർക്കറ്റിന് പണയം വെക്കുകയാണ് ഇതിന്റെ അനന്തരഫലം. സുരക്ഷയിൽ ഉടക്കി ഇന്ത്യയുടെ കുതിപ്പ് തളച്ചിടുകയും മറുഭാഗത്ത് ചൈനക്കെതിരെ ഇന്ത്യയെ മറയാക്കി അടു

ത്ത കരുനീക്കം ആരംഭിക്കുകയുമാണ് ഇന്ന് ഇതിന്റെയൊക്കെ ലക്ഷ്യം. സുരക്ഷയെ കുറിച്ച ആശങ്കകൾ വ്യക്തി തലത്തിലേക്ക് വ്യാപിപ്പിച്ച് ഓരോ പൗരനും ആയുധം വാരിക്കൂട്ടുന്ന നാളെയിലേക്ക് മേഖലയെ കൊണ്ടെത്തിക്കുന്ന തന്ത്രങ്ങളാണ് കാണാനാവുന്നത്. കോൺഗ്രസ്സിന്റെ പ്രത്യയശാസ്ത്രപരമായ കാപട്യം ഇതിന് സഹായകരമായി മാറുന്നുണ്ട്. ആണവകരാറിലൂടെ അമേരിക്ക ഇന്ത്യയെ നക്കിക്കൊല്ലുകയാണ് ചെയ്തതെങ്കിൽ പാകിസ്താനെതിരെ ഒരു തുറന്ന യുദ്ധത്തിനാണ് അമേരിക്ക ഒടുവിൽ തയാറെടുക്കുന്നത്. അമേരിക്കയിലെ മാരകായുധ  നിർമാർജന സമിതി അധ്യക്ഷൻ ബോബ് ഗ്രഹാം ഇന്ത്യക്കു കൈമാറിയ ഏറ്റവും പുതിയ സന്ദേശത്തിൽ പറയുന്നത് പാകിസ്താന്റ ആണവായുധങ്ങൾ ചിലത് അഫ്ഗാനിസ്താനിലെത്തിയേക്കുമെന്നും ഇന്ത്യക്കെതിരെ ഇവ താലിബാൻ ഉപയോഗിച്ചേക്കുമെന്നാണ്. ഒരു തുറന്ന യുദ്ധത്തിലേക്ക് ഇന്ത്യയെ തള്ളിവിടുന്നതിന്റെ മുന്നോടിയായി നമുക്ക് ഇത്തരം പ്രസ്താനകളെ കണക്കിലെടുക്കാം.

അടുത്തൊന്നും ഈ കളി അവസാനിക്കുന്ന മട്ടില്ല. ഇതിന് യുക്തിസഹമായ ഒരന്ത്യം ഉണ്ടാവുമെങ്കിൽ അതാരുടെ താൽപര്യമനുസരിച്ചായിരിക്കുമെന്നും വ്യക്തമല്ല. അമേരിക്കയോടൊപ്പം നിന്ന് അവസാനത്തെ കൊലച്ചിരി നമ്മുടേതാക്കാമെന്നാണ് കോൺഗ്രസ് ഭരണകൂടത്തിന്റെ നാട്യം. വീഴുന്ന പാകിസ്താന് ഉന്ത് കൊടുത്താൽ മതിയല്ലോ. പക്ഷേ സൈന്യത്തിലും ഭരണകൂടത്തിലും തീവ്രവാദികൾക്ക് ശക്തമായ സ്വാധീനമുള്ള പാകിസ്താനിൽ ആണവായുധങ്ങൾക്ക് വേണ്ടിയുള്ള ഏത് അമേരിക്കൻ ഇടപെടലും, സർദാരിയുടെ 'കമീഷൻ ഇടപാടാ'യാലും മറീനുകളുടെ നേരിട്ടുള്ള ഇടപെടലായാലും, മാരകമായ പ്രത്യാഘാതങ്ങളുണ്ടാക്കും. ലോകം തങ്ങളെ വിഴുങ്ങാൻ തുടങ്ങുകയാണെന്ന് പാകിസ്താനികൾക്ക് തോന്നിയാൽ അതാവും മുഴുവൻ ദുരന്തങ്ങളുടെയും മാതാവ്. ■